**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** **17-09-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ കോളേജുകളിലെ തൊഴിൽ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കോളേജുകളിൽ പഠനത്തോടൊപ്പം തൊഴിൽ എന്ന സങ്കല്പം വ്യാപകമാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും ഉള്ള ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നമ്പർ 16/2024 തീയതി 29/2/24 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ/ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ trade/branch/core subject എന്നിവയുമായി ബന്ധമുള്ള സംരംഭങ്ങൾക്ക്മുൻഗണന ഉണ്ടാകും. വ്യവസായ പാർക്കുകളിൽ വരുന്ന സംരംഭങ്ങളിൽ പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്ക് apprenticeship/ internship നുള്ള അവസരം നൽകി അവർക്ക് വ്യക്തമായി സംരംഭം തുടങ്ങുന്നതിനുള്ള അവസരം നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |
| (ബി) | ഈ ലക്ഷ്യം മുൻനിർത്തി വ്യവസായ പാർക്കുകളോ സ്റ്റാർട്ടപ്പുകളോ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | പഠനത്തോടൊപ്പം തൊഴിൽ എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 10 കാമ്പസ് വ്യവസായ പാർക്കുകൾക്ക് സർക്കാർ |

| | | | |
|---|---|---|---|
| | | | അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 3 ക്യാമ്പസ് വ്യവസായ പാർക്കുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ